Mr. P. J. Alexander.—I cannot quite see how the existence of banks where Savings Bank system is in vogue goes to supply the needs of the poor people, because these banks are mostly situated in towns and my purpose mostly, as explained previously, is to benefit the people in the rural areas. There the only agency which can be got at by the people is the Anchal Department and if the Anchal Department is to be abolished, we cannot help it. But I am glad that Government accepted the principle and I hope that a time may come not far away when the principle will be worked by Government. With these words, I beg the leave of the House to withdraw my Resolution.

Resolution was, by leave, withdrawn.

13. Bifurcation of the Departments of Public Health and Village Panchayats.

Mr. P. Raman Menon.—"*This Council recommends to the Government that they may be pleased to separate the two Departments of Public Health and Village Panchayats and place them under two different independent Department Heads*".

Sir, being given to understand that the present amalgamation is only an experimental measure for one year and that the period is not yet over and being confident that the grounds for separation will be more numerous and patent as the period of probation comes to a close, I do not wish to press this resolution at this juncture. I, therefore, beg leave of the House to withdraw the same intending to move it on a future occasion.

Motion was, by leave, withdrawn.

14. Institution of a Public Service Commission in the State.

Mr. V. K. Krishnankutty.—"*This council recommends to the Government that a Public Service Commission be constituted in the State for the recruitment of officers for the Public Services in order to give adequate representation to all the communities in the State*".

LIBRARY ARCHIVES Kerala Legislative Assembly

Sir, I am moving this resolution with the greatest confidence that it will be carried without great opposition from the non-official side of this House. The question of communal representation is bound to be one of great general importance in all countries where, by some reason or other, certain sections of the people are kept out of a reasonable share in the Public Services. When Mr. Gokhale was adorning the Imperial Legislature—then called the Supreme Legislative Council—he was agitating for the wider employment of Indians in the higher branches of public service. The great civil service which is entrusted with the task of general administration was kept very nearly a monopoly of the Englishman and this fact was the subject of very severe criticism at the hands of Mr. Gokhale in his budget speech in the year 1903. The plight of unrepresented and under-represented communities in Cochin is more or less similar to that of Indians under the British rule at that time.

Sir, it is indeed a natural aspiration on the part of the members of all communities with the necessary educational qualifications to seek employment in the service of their native State. But it is equally true that we cannot provide for the very large number of educated young men who seek such employment. The only just and feasible way seems to be to absorb a proportionate number from all communities.

What we find in the Public Services is not only under-representation but also the extreme injustice of total exclusion from certain departments altogether. The Devaswom Department is a monopoly of caste Hindus. This monopoly is attempted to be justified on orthodox religious grounds. But what excuse is there for not recruiting officers from all communities to the Nayar Brigade? We do admit that the Nayar community played a substantial role in the military affairs of the State prior to the advent of the British rule. But we cannot deny the fact that the Thiyya and other communities also had much to do with the defence of the State under our beloved Rajas of old. I need not repeat that it is high time that this gross injustice of excluding other communities from the Nayar Brigade should be removed.

In the Madras Presidency after the organisation of the Justice party the agitation for the proper representation of the non-Brahmins took definite shape and, as we are aware, a Public Service Commission was constituted by Royal Warrant in

LIBRARY ARCHIVES Kerala Legislative Assembly

1912 with rules for insuring communal representation. The Commission after an elaborate inquiry submitted a report in 1916. By the leave of the House I will read a relevant passage from the report. The Commissioners say "We are so satisfied that whilst the main consideration for selecting recruits should be their intellectual fitness, it is also necessary to provide for the appointment of applicants of good but not the highest qualifications so as to give representation to the various communities and interests in the country." If we observe the trend of agitation in the Madras Presidency we will find that to procure representation to non-Brahmins they went to the extent of saying that recruitment from Brahmin community should be stopped until adequate representation was given to other communities. For example in the year 1921 Mr. O. Thanikachalam Chettiar moved a resolution in the Madras Legislative Council for communal representation in the Judicial service. He was for stopping recruitment from Brahmins for a period of 5 years. The resolution was passed, a poll taken and among the Ayes we find the name of the Hon'ble Member Mr. R. K. Shanmugham Chettiar.

During the last Budget discussion some of us had the occasion to remark that the Government had not fulfilled their promise to constitute a Public Service Commission. In his concluding remarks, Sir, the President said that the mere institution of a Public Service Commission is not going to redress any communal inequality or injustice. What we want is a Public Service Commission with strict rules for communal representation. I am sure that so long as the present Diwan is the Head of the administration, the rightful claims of the unrepresented communities will be safeguarded. But we would strongly advocate for a permanent machinery which will function with definite principles irrespective of the change in the personnel of the Diwan, for the same reason as we would prefer democratic form of Government to benevolent autocracy.

I referred to the inadequate representation of certain communities in the Public Services. I think I can fairly substantiate my statement by the following analysis of the appointments in some of our Departments.



LIBRARY ARCHIVES Kerala Legislative Assembly

Statement regarding various communities in the Cochin State Service.

Departments	Total	Caste Hindus	Christians	Ezhuvas	Others	Europeans
Heads of Departments	24	18	5	1		
Salary Rs.	13,200	10,400	2,600	190		
Huzur Secretariat	46	32	10	1	3	
Salary Rs.	5,046	4,018	872	44	112	
Sarvadhikaria-kar's Office	7	7				
Salary Rs.	930	930				
Special Palace Office	3	3				
Salary Rs.	274	274				
Legislative Council	3	2		1		
Salary Rs.	192	136		56		
Accounts and Finance	48	35	11	2		
Salary Rs.	3,968	3,169	651	104		
Income Tax	6	3	2	1		
Salary Rs.	518	273	214	31		
Agriculture	25	22	3			
Salary Rs.	2,519	2,267	252			
Co-operative	9	9				
Salary Rs.	788	788				
Stamps and Stationery	5	3	2			
Salary Rs.	418	188	230			
Press	4	4				
Salary Rs.	288	288				
Forest	17	15	1			1
Salary Rs.	1,793	1,438	125			230

LIBRARY ARCHIVES Kerala Legislative Assembly

Departments	Brahmins	Other caste Hindus	Christians	Ezhuvas	Vans	Anglo-Indians
Land Revenue	25	27	4	5	1	
Salary Rs.	1,712	2,651	430	216	100	
Excise	5	8	4	5		
Salary Rs.	387	605	754	296		
Police	4	17	8	3		2
Salary Rs.	268	2,059	684	176		160
Civil Justice	28	34	4	1		1
Salary Rs.	3,772	4,568	1,820	105		60
Criminal Justice	7	8	3			1
Salary Rs.	564	744	610			150
Education	159	144	26	3		1
Salary Rs.						

These figures have been derived from the Civil List corrected up to 1st Chingam 1111. In the Panchayat and Public Health Departments there are no Ezhuvas at all

This is the state of affairs obtaining in the higher grades of service. The proportion of under-represented communities in the lower grades is much less.

The attitude of the present Heads of Departments with a few exceptions is not in the least encouraging. The quarterly statements of caste war lists of appointments show that many of the Heads of Departments have an irresistible temptation to appoint applicants from their own communities. The only way to remedy this injustice is the appointment of a Public Service Commission. With these remarks I commend the resolution to the acceptance of the House.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഈ പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ എന്റെ സമുദായക്കാരുടെ സങ്കടങ്ങളെക്കുറിച്ചു പറയുമ്പോൾ ചില ഉദ്യോഗസ്ഥന്മാരുടെ മുഖത്തു വല്ലതും നിറപ്പകച്ചുയ്ക്കിടവന്നിട്ടുണ്ടെങ്കിൽ അതു വാസ്തവത്തിൽ എനിക്കുള്ള സങ്കടംകൊണ്ടു പറഞ്ഞുപോയിട്ടുള്ളതാണെന്ന ഒറ്റ സംഗതിയെ ഓർത്തു മാപ്പുതരണമെന്നപേക്ഷിക്കുന്നു.

പബ്ളിക്ക സവ്വീസു കമ്മീഷൻ ഇവിടെ വരുവാൻ പോകുന്നുവെന്നെല്ലാം കേട്ട. അതുകാരണം ഞങ്ങൾക്ക് ഇപ്പോൾ ക്രൂതൽ ബുദ്ധിമുട്ടിനും ക്രൂടി ഇടവന്നിരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെൻറിൽനിന്നും പബ്ളിഷു ചെയ്യുന്ന കാസ്റ്റുവാർ സ്റ്റേറ്റുമെൻറു് വളരെ ബുദ്ധിമുട്ടി പകർത്തിയെടുത്തു് ഞാൻ ഒരു പുസ്തകമായി വച്ചിട്ടുണ്ടു്. ചില ഡിപ്പാർട്ടുമെൻറുകളിലെ മേലുദ്യോഗസ്ഥന്മാർ നിയമനങ്ങൾ നടത്തുമ്പോൾ കാസ്റ്റുവാർ സ്റ്റേറ്റുമെൻറു പബ്ളിഷു ചെയ്യാറുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ എനിക്കു് അവരോടുള്ള പരിഭവം തീർന്നു.

ഗവർമ്മെൻറുദ്യോഗങ്ങളിൽ എല്ലാസമുദായങ്ങൾക്കും പ്രാതിനിദ്ധ്യം അനുവദിക്കണമെന്നുള്ളതു് ഇന്നു ഇൻഡ്യയിൽ എല്ലാ ഗവർമ്മെൻറുകളും ഏറക്കുറെ അംഗീകരിച്ചിട്ടുള്ളതാണു്. കൊച്ചിയിൽ, ഞാൻ പ്രതിനിധീകരിക്കുന്ന സമുദായത്തിന്റെ ആഭിമുഖ്യത്തിൽ ഈ വാദം ഏറ്റവും പ്രബലമായി നടന്നുകൊണ്ടിരിക്കുകയാണു്. ഒരു രാജ്യത്തിന്റെ ഭരണത്തിൽ ഭരണീയരായ എല്ലാ ജനസമുദായങ്ങൾക്കും തുല്യാവകാശങ്ങളും അവസരവും ഉണ്ടായിരിക്കുമെന്ന വിശാലമായ രാജ്യശാസ്ത്രസിദ്ധാന്തത്തെ ആസ്പദമാക്കിയാണു് ഞങ്ങൾ സമുദായ പ്രാതിനിദ്ധ്യത്തിനു വാദിച്ചുകൊണ്ടിരിക്കുന്നതു്. ഞങ്ങളുടെ വാദം ന്യായത്തിനും നീതിക്കും യോജിച്ചതാണെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. കൊച്ചിയിലെ പബ്ളിക്ക സവ്വീസിൽ ഞാൻ ഉൾപ്പെടുന്ന വമ്പിച്ച സമുദായത്തിനു ഇനിയും യഥാർത്ഥമായ പ്രാതിനിദ്ധ്യം കിട്ടിക്കഴിഞ്ഞിട്ടില്ല. നിയമനാധികാരികളിൽ മിക്കവരും വളരെക്കാലമായി സവർണ്ണപക്ഷപാതികളായി തീർന്നതു നിമിത്തം സാധു സമുദായങ്ങളിലെ അപേക്ഷകന്മാർക്കു സവ്വീസിൽ ചേരുന്നതിനു പലേ പ്രതിബന്ധങ്ങളും ഉണ്ടായിരുന്നു. ഈ നിലക്കു മാറ്റം വരണമെന്നുദ്ദേശിച്ചാണു് രണ്ടു കൊല്ലം മുമ്പു് ഇവിടെ ഒരു പബ്ളിക്ക സവ്വീസു കമ്മീഷൻ നിയമിക്കണമെന്നു ഞങ്ങൾ ഗവർമ്മെൻറിനോടു ആവശ്യപ്പെട്ടുകൊണ്ടിരുന്നതു്. അങ്ങിനെ ഒരു കമ്മിഷനെക്കുറിച്ചു അന്നു് പല കേൾവികളും ഉണ്ടായിരുന്നുവെങ്കിലും, പിന്നീടു അവയെല്ലാം നിർഭ്ഭാഗ്യതയിൽ ലയിച്ചുപോയി. ഇന്നും ഞങ്ങളുടെ സങ്കടത്തിനു് പരിഹാരം ഉണ്ടാകാതെയാണിരിക്കുന്നതു്. ഇവിടത്തെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചില വലിയഡിപ്പാർട്ടമെൻറുകളിലെ ഭരണധുരന്തരന്മാരുടെയുദ്യോഗനിയമനപ്പട്ടികകൾ ഗസറ്റിൽ.പരസ്യംചെയ്യുന്നതു കാണുമ്പോൾ, ഈ രാജ്യത്തിൽ വലിയ സമുദായ മത്സരങ്ങൾക്കും അത്യാഹിതങ്ങൾക്കും വിത്തു പാവുകയാണോ ഈ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതെ ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ട്. റവന്യൂ, വിദ്യാഭ്യാസം, ക്ഷി, മലവക എന്നീ ഡിപ്പാർട്ടമെൻറുകളിലെ അധികാരികൾ ഉദ്യോനിയമനങ്ങളിൽ സ്വവർഗ്ഗ പക്ഷപാതികളായും, പ്രാതിനിദ്ധ്യമില്ലാത്തസമുദായങ്ങളുടെ അവകാശങ്ങളെ അവഗണിക്കുന്നതിനു പ്രത്യേക ശ്രദ്ധയുള്ളവരായുമാണു കാണുന്നതു്. ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ പ്രത്യേക പ്രാധാന്യം ഈവക സംഗതികൾക്കില്ലെന്നുപറഞ്ഞു് ഇത്തരം അനീതികളെ ലഘൂകരിച്ചു കാട്ടുവാൻ സാഹസപ്പെടുന്നവരുടെ വാക്കുകൾ ഗവമ്മെൻറു് ശ്രദ്ധിക്കരുതെന്നാണു് എൻെറ അപേക്ഷ. പ്രത്യേ സമുദായങ്ങൾക്കും പബ്ളിക് സർവ്വീസിൽ ജനസംഖ്യാനുപാതമായ പ്രാതിനിദ്ധ്യം കിട്ടുന്നതിനു പര്യാപ്തമായ ഒരു പദ്ധതി ഉടനടി ആസൂത്രണം ചെയ്യണമെന്നു ഞാൻ ഗവമ്മെൻറിനോടു വീണ്ടും വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

പഞ്ചായത്തു ഡിപ്പാർട്ടമെൻറിൽ ഈയിടെ 12 പരെ വിഷവൈദ്യ പരിശീലനത്തിനുവേണ്ടി എടുത്തിട്ടു് അതിൽ ഒരാറാ ഈഴവൻ പോലും പെട്ടിട്ടില്ലെന്ന ആ സ്റ്റേറുമെൻറുകൊണ്ടു കാണുന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. സ്വന്തം ചിലവിൽ പോകാൻ മാത്രം രണ്ടു ഈഴവരുണ്ടായി. ബാക്കിയുള്ളവരെല്ലാം വിധിയൊരു ഭ്രരി പക്ഷവും സ്വവർഗ്ഗത്തിൽ നിന്നാണു്. മലവക ഡിപ്പാർട്ടമെൻറിൽ നടത്തിയ നിയമനങ്ങളുടെ കാസ്റ്റുവാർ സ്റ്റേറ്റുമെൻറു് കഴിഞ്ഞ നിയമസഭായോഗത്തിൽ ഇവിടെ അവതരിപ്പിച്ചതിൽ ഒരു നിയമനങ്ങളുണ്ടായിരുന്നതിൽ ഒരു ആനക്കാരനായ ഈഴവനെ മാത്രമേ നിയമിച്ചതായി കണ്ടിട്ടുള്ളൂ. വിദ്യാഭ്യാസ ഡിപ്പാർട്ടമെൻറിൽ ഇപ്പോൾ ഉദ്യോഗനിയമനങ്ങൾ നടത്തിവരുന്നതു മൂന്നു നാലുപേരാണു്. തെക്കൻ ഡിവിഷൻ ഇൻസ്പെക്ടർ ഇപ്പോൾ ൪൭ നിയമനങ്ങൾ നടത്തീട്ടുണ്ടു്. വരുന്ന മാസത്തിൽ ൫ നിയമനങ്ങൾകൂടി ഉണ്ടാകുമെന്നുകേൾക്കുന്നു. അപേക്ഷക്കാർ ആ സംഗതിയെപ്പറ്റി സംസാരിക്കാനായി ചെല്ലുമ്പോൾ കടന്നു പോകൂ എന്നു പറഞ്ഞു ധിക്കാരത്തോടുകൂടി ആട്ടിപ്പായിക്കുന്നതു കാണുമ്പോൾ വളരെ വ്യസനം തോന്നുന്നുണ്ടു്. മലക്കൻ ഡിവിഷൻ ഇൻസ്പെക്ടറുടെ ആഫീസിലും ഇങ്ങിനെതന്നെയാണനുഭവം. ഇതുപോലെ കാസ്റ്റുവാർ സ്റ്റേറ്റുമെൻറുകളെല്ലാം ഓരോന്നോരോന്നായി എടുത്താൽ എല്ലാം ഈ അനുഭവം തന്നെയായിരിക്കും. പഞ്ചായത്തു ഡിപ്പാർട്ടമെൻറിൽ ൨൮ നിയമനങ്ങൾ നടത്തീട്ടുണ്ടെന്നു പറയുന്നു. എന്നാൽ അതിൽ ഒരൊറാ ഈഴവനെയെങ്കിലും നിയമിച്ചിട്ടി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. ക്ലാർക്ക് ജോലിയിലൊ, ഒന്നുമില്ലെങ്കിലും ഒരു ശിപായിയുടെ ജോലിയിലെങ്കിലുമൊ ഒരു ഈഴവനെ നിയമിക്കുവാൻ—പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിയമിക്കുവാൻ—പാടില്ലെന്നുള്ളതു് വളരെ സങ്കടമായിട്ടുള്ളതാണു്. സ്വന്തം ചിലവിൽ വിഷവൈദ്യ പരിശീലനത്തിനു പോകുവാൻ ഒരാളെ എടുക്കണമെന്നു പറഞ്ഞു് അവർ വരുമ്പോൾ അവരെ അടിച്ചു പുറത്താക്കുന്നതു വലിയ കഷ്ടം തന്നെയാണു്. ഇങ്ങിനെ ഓരോ ഡിപ്പാർട്ടുമെൻറുകളിലേയും കാര്യങ്ങൾ എടുത്തു നോക്കിയാൽ ഈ വക സംഗതികളെല്ലാം ഗവൺമെൻറിനു തന്നെ പൂത്തിയായി ബോദ്ധ്യപ്പെട്ടതാണു്.

ഇനി കൃഷി ഡിപ്പാർട്ടുമെൻറിൻെറ കാര്യം എടുക്കാം. ഞങ്ങളെല്ലാം കൃഷിക്കാരാണു്. കൃഷിയിൽ ഒട്ടും പിന്നോക്കമല്ലാത്ത ഞങ്ങളെ ആ ഡിപ്പാർട്ടുമെൻറിൽ കണികാണിക്കയില്ലെന്നു പറഞ്ഞാൽ വളരെ സങ്കടമാണു്. എന്തായാലും ഈ വകുപ്പദ്ധ്യക്ഷൻ ചാഞ്ചാടുന്നതിൽപിന്നെ ആ ഡിപ്പാർട്ടുമെൻറിൽ അയിത്തം കയറാതിരിക്കുവാൻ വളരെ സൂക്ഷിക്കുന്നുണ്ടു്. (ചിരി)

ഈ വക സംഗതികൾ ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധവച്ചു് വേണ്ടതു ചെയ്തില്ലെങ്കിൽ ഞങ്ങളുടെ കാര്യം വലിയ കഷ്ടത്തിലാകും. വേറെ ഒരു സംഗതി പറയാം ഉരുപ്പിക ശമ്പളത്തിൽ ഒരു മുൻസീഫിൻെറ ജോലി ഒഴിവു വന്നപ്പോൾ അതിനുപകരം ഞങ്ങളുടെ സമുദായത്തിൽ നിന്നു് ഒരാളെ വെക്കണമെന്നു് അപേക്ഷിച്ചപ്പോൾ അതിൽ വേറെ ഒരാളെ നിയമിച്ചു. അതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടായിരിക്കാം. നിവൃത്തിയില്ലാതെ വന്നതുകൊണ്ടായിരിക്കാം അങ്ങിനെ നിയമിച്ചതു്.

കോവാപ്പറേറിവ് ഡിപ്പാർട്ടുമെൻറിൽ കുറെക്കാലം ജോലിനോക്കിയ ഒരാളെ പുറത്താക്കി ആ വകുപ്പദ്ധ്യക്ഷൻെറ സ്വന്തം കസിനെ ആ ജോലിയിൽ നിയമിക്കുകയാണു ചെയ്തതു്. ഈ നിയമനത്തിനു് ഗവൺമെൻറിൽനിന്നും കല്പന വരുത്തിക്കൊണ്ടു ചെയ്തുവെന്നാണു് ഞാനറിയുന്നതു്. ഇപ്രകാരം പകരം നോക്കുവാൻപോലുമുള്ള അവകാശംകൂടി ഞങ്ങൾക്കു കിട്ടുന്നില്ലെങ്കിൽ ഞങ്ങൾക്കു എന്താണു രക്ഷയുള്ളതു്? ഈവക സംഗതികൾ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു് ഞാൻ ഇവിടെ ഒരു പ്രമേയം അയച്ചിട്ടുള്ളതു്. അതിനെപ്പറ്റി ക്ലേശകരമായ ഒരു വാദപ്രതിവാദം ഗവൺമെൻറിൻെറ മുമ്പിൽ വരുമ്പോൾ ഈ നിയമസഭയുടെ സമയം മുഴുവൻ ചിലവിടേണ്ടിവരുമോ എന്നുള്ള വിചാരംകൊണ്ടു് ഞങ്ങളുടെ സങ്കടങ്ങളെ ഗവൺമെൻറിൽനിന്നും ധരിച്ചു് ഈവക സംഗതികൾക്കു ഒരു പരിഹാരം വരുത്തുവാൻ പബ്ലിക് സർവ്വീസു കമ്മിഷൻ ഏർപ്പെടുത്തി ജനസംഖ്യാനുപാതകമായ നിയമനം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടും, ഏതെങ്കിലും ഉ

LIBRARY ARCHIVES Kerala Legislative Assembly

ദ്യോഗസ്ഥന്മാരെ കയററിവിടുമ്പോൾ പ്രാപ്തിയനുസരിച്ചുചെയ്യേണ്ടതാണെന്നും ഈ അടുത്ത കാലത്തു് ഗവണ്മെൻറിൽനിന്നും ഓഫീസുകളിലേക്കു് ഇതിനെ സംബന്ധിച്ചു അയച്ചിട്ടുള്ള സർക്കുലർ പിൻവലിക്കണമെന്നും അപേക്ഷിച്ചുകൊണ്ടും ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.— എന്റെ ഭേദഗതി ഈ പ്രമേയത്തിന്റെ അവതാരകൻ സ്വീകരിയ്ക്കുമെന്നു വിശ്വസിക്കുന്നു ഈ പ്രമേയത്തെ കുറേക്കൂടി വിശദമാക്കുവാനും സഫലമാക്കുവാനും വേണ്ടിയാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവരുന്നതു്. ഭേദഗതി താണു്:

(1) *Add the words 'or' a Self Selection Board with definite rules of communal rotation' after the word 'Commission' and before the words 'be constituted'.*

രണ്ടാമത്തെ ഭേദഗതി ആഫീസേഴ്സിനെ സംബന്ധിച്ചുമാത്രമല്ല സമുദായ പ്രാതിനിദ്ധ്യം വേണ്ടതെന്നു വരുത്തുവാനാണു്. ആഫീസേഴ്സ് എന്നതു് ഗവണ്മെണ്ടു് സർവ്വന്റ്സ് എന്നുള്ള അർത്ഥത്തിലാണു് പ്രമേയകർത്താവു് ഇവിടെ പ്രയോഗിച്ചിട്ടുള്ളതു്. അതു സ്പഷ്ടമാക്കുവാൻവേണ്ടി (ii) *Omit the words 'of officers for' and add the word 'in' instead* എന്നു ഭേദഗതി വേണം.

Mr. V. K. Krishnankutty.— I accept the amendment.

Mr. A.V. Moothedan.— What is the difference between a Public Service Commission and a Staff Selection Board?

മിസ്റ്റർ കെ. അയ്യപ്പൻ.— പബ്ളിക്കു സർവ്വീസു കമ്മീഷൻ എന്നു പറഞ്ഞാലും, സ്റ്റാഫ് സെലക്ഷൻ ബോർഡ് എന്നുപറഞ്ഞാലും പ്രയോഗവശാൽ അർത്ഥം രണ്ടും രണ്ടാണു്. കമ്മ്യൂണൽ പ്രൊപ്പോർഷൻ ഇല്ലാത്ത രാജ്യങ്ങളിൽ ഇന്നു് സർവ്വീസു കമ്മിഷൻ ഉണ്ടു്. സർവ്വീസു കമ്മീഷൻ വേണമെന്നു പറയുമ്പോൾ അതിൽ കമ്മ്യൂണൽ പ്രൊപ്പോർഷൻ ഉണ്ടായിരിയ്ക്കുണമെന്നില്ല. രൂപകളോടുകൂടിയുള്ള ഒരു കമ്മീഷനാണു് നമുക്കാവശ്യമുള്ളതു്. പബ്ളിക്കു സർവ്വീസു കമ്മീഷനായാലും, സ്റ്റാഫുസെലക്ഷൻ ബോർഡായാലും രൂപംസാണെങ്കിലും പ്രധാനമായിട്ടാവശ്യം. സമുദായ പ്രാതിനിദ്ധ്യത്തെപ്പററി പറയുമ്പോൾ സമുദായങ്ങൾ തമ്മിൽ യാതൊരു വഴക്കും വിചാരിയ്ക്കേണ്ടതാവശ്യമുണ്ടെന്നു തോന്നുന്നില്ല. (ഹീയർ, ഹീയർ) ചരിത്രസംബന്ധമായ ചില കാരണങ്ങളാൽ പല ഭിന്നസമുദായങ്ങളുള്ള ചില രാജ്യങ്ങളിൽ ചില സമുദായക്കാർക്കുമാത്രം സർവ്വീസിലുംമറും കൂടുതൽ അധികാരവും പ്രാതിനിദ്ധ്യവും കിട്ടിയെന്നു വരാം. അങ്ങിനെ കിട്ടുന്ന അധികാരത്തെയും പ്രാതിനിദ്ധ്യത്തെയും പുലർത്തിക്കൊണ്ടു പോകുന്നതു് ആ സമുദായങ്ങളുടെ പ്രത്യേക ദോഷമൊന്നുമല്ല. ഇപ്പോൾ സമുദായ പ്രാതിനിദ്ധ്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി വാദിയ്ക്കുന്ന കൂട്ടരാണ് അമിത പ്രാതിനിദ്ധ്യം അനുഭവിയ്ക്കുന്ന വരുടെ സ്ഥാനത്തിരിയ്ക്കുന്നതെങ്കിൽ അവരും ഇതുപോലെതന്നെ യായിരിയ്ക്കും. അതുകൊണ്ട് സമുദായപ്രാതിനിദ്ധ്യത്തിനുവേണ്ടി ചില സമുദായങ്ങൾ വാദിയ്ക്കുമ്പോൾ അത് മറ്റു സമുദായങ്ങളെ ആക്ഷേപിയ്ക്കുവാനോ, അവരുടെ ന്യായമായ അവകാശത്തിൽ കൈകടത്തുവാനോ വേണ്ടി വാദിയ്ക്കുന്നതാണെന്നുള്ള തെറ്റിദ്ധാരണ മറ്റു സമുദായങ്ങൾക്കുണ്ടാകരുതെന്നാണ് എനിയ്ക്ക് അത്യന്തമായി പറയുവാനുള്ളത്.

ഇവിടെ സമുദായ പ്രാതിനിദ്ധ്യവാദം കൊണ്ടുവരുമ്പോൾ രണ്ടു കൂട്ടർ തമ്മിലാണ് മത്സരം. സമുദായ പ്രാതിനിദ്ധ്യവാദികൾ ഒരു കൂട്ടർ; കൂത്തകവാദികൾ വേറൊരു കൂട്ടർ. കൂത്തകവാദികൾ വാദിക്കുന്നത് അവർക്കു കിട്ടിയ അമിതാവകാശത്തെ പുലർത്തുവാൻ വേണ്ടിയായിരിയ്ക്കും. അതുകൊണ്ട് അവർ ചീത്ത ആളുകളാണെന്നു വരുന്നില്ല.

ഞാൻ വീണ്ടും ഊന്നിപ്പറയുന്നു, പ്രത്യേകം ആളുകളേയോ, സമുദായങ്ങളേയോ ആക്ഷേപിക്കുവാനല്ല സമുദായ പ്രാതിനിദ്ധ്യവാദം കൊണ്ടുവരുന്നതെന്ന്. പ്രാതിനിദ്ധ്യമില്ലാത്തവർക്കും പ്രാതിനിദ്ധ്യം ഉണ്ടാക്കി സർവ്വീസിന്റെ കാര്യക്ഷമതയെ കൂട്ടുവാനും, രാജ്യത്തെ സേവിയ്ക്കുവാനും രാജാവിനെ സേവിയ്ക്കുവാനും അവരവരുടെ സമുദായത്തിനു ശോഭയും ശക്തിയും ഉണ്ടാക്കുവാനുമുള്ള ഒരവസരം അവർക്കും കൊടുക്കുവാനുമാണ് സമുദായ പ്രാതിനിദ്ധ്യത്തിനുവേണ്ടി ഞങ്ങൾ വാദിയ്ക്കുന്നത്. സമുദായ പ്രാതിനിദ്ധ്യമാണ് യഥാർത്ഥത്തിൽ ഇൻഡ്യയുടെ ഏറ്റവും ഉൽകൃഷ്ടമായ രാജ്യതന്ത്രതത്വം. അതല്ലെന്നു പറയുന്നവർ വെറും കൂത്തകവാദികളാണ്. അവരുടെ കൂത്തകവാദത്തെ എതിർക്കുവാനുള്ള പദങ്ങളാണ് ദേശീയവാദമെന്നും മറ്റും പറയുന്നത്. യഥാർത്ഥമായ ദേശീയവാദത്തിനു സമുദായ പ്രാതിനിദ്ധ്യവാദം ഒരിക്കലും എതിരല്ല. അതുപോലെതന്നെ സർവ്വീസിന്റെ യഥാർത്ഥമായ കാര്യക്ഷമതയ്ക്കും സമുദായപ്രാതിനിദ്ധ്യം എതിരല്ല. ശാസ്ത്രീയമായി പരിശോധിച്ചാൽ ഈ തത്വത്തെ ആർക്കും നിഷേധിയ്ക്കുവാൻ നിവൃത്തിയില്ല. അതിലേയ്ക്ക് ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർതന്നെ സമാധാനം പറഞ്ഞുകഴിഞ്ഞു. ഗോഖലെ വാദിച്ചതു മറ്റു രാജ്യക്കാർ അവരുടെ രാജ്യങ്ങളിൽ കഴിയുന്നതുപോലെ ഇൻഡ്യാക്കാർ ഇൻഡ്യയിൽ കഴിയുവാൻ ഇടവരണമെന്നായിരുന്നു. അതുപോലെയാണ് ഞങ്ങളും പറയുന്നത്. ഞങ്ങൾക്കും മറ്റു സമുദായങ്ങളെപ്പോലെ ഇവിടെ കഴിയുവാൻ ഇടവരണം. ഞങ്ങൾക്കും മറ്റുള്ളവരോടു സ്നേഹമായിരിയ്ക്കുവാനും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാനുമുള്ള അവസരം തരണമെന്നാണ് ഞങ്ങൾ പറയുന്നത്. ഗവർമ്മെണ്ടിൽനിന്നും ഈ വാദത്തെ നിഷേധിയ്ക്കുകയാണെങ്കിൽ കൂത്തകയുടെ അനുകൂ

LIBRARY ARCHIVES Kerala Legislative Assembly

ലമായ ഒരു ഗവമ്മെണ്ടാണെന്നും അവരുടെ ചരടുവലിയിൽപെട്ട കുഴങ്ങുന്ന ഒരു ഗവമ്മെണ്ടാണെന്നും വരും.

ഇവിടെ ചില ഡിപ്പാർട്ടമെൻറുദ്യോഗസ്ഥന്മാരെപ്പറ്റി ചില ബഹുമാനപ്പെട്ട മെമ്പർമാർ ആക്ഷേപിക്കുകയുണ്ടായി. മിസ്റ്റർ വള്ളോൻ ഇവിടെ വന്നപ്പോൾ ഒരു ഈഴവനായ ഡിപ്പാർട്ടൻറു മേലദ്ധ്യക്ഷൻറെ സപവർണ്ണപക്ഷവാതത്തെപ്പറ്റി വളരെ ശക്തിയായി ആക്ഷേപിച്ചിട്ടുണ്ട്. ഇതു പ്രത്യേകം ഡിപ്പാർട്ടമെൻറു മേലദ്ധ്യക്ഷന്മാരുടേയോ പ്രത്യേകം ജാതിക്കാരുടേയോ കുറവല്ല. ഈ രാജ്യത്തെ സ്ഥിതിഗതിയ്ക്കനുസരിച്ചു് നമ്മൾ പെരുമാറുന്ന എന്നേള്ളൂ. മുലപ്പാലോടുകൂടി ജാതിവിചാരം വലിച്ചുകുടിച്ചു വളരുന്നവരാണു് നമ്മൾ. നമ്മൾ ജനിക്കുന്നതും വളരുന്നതും ജീവിക്കുന്നതും മരിക്കുന്നതും ജാതിയിലാണു്. ജാതിവ്യത്യാസം വച്ചുകൊണ്ടിരിയ്ക്കുന്ന നമ്മളേ് ജാതിവ്യത്യാസം ഇല്ലാത്ത രാജ്യങ്ങളിലെ തത്വങ്ങൾ എടുക്കണമെന്നു പ്രസംഗിയ്ക്കുന്നതു ശരിയല്ല. അതു് "ഏട്ടിലെ പശു" മാത്രമാണു്. ഇവിടെ സബ്ജീസിലെ പ്രാതിനിദ്ധ്യകാര്യത്തിൽ ഗവമ്മെൻറു് എങ്കിലും ഒരു സമാധാനം വരുത്തുകയാണെങ്കിൽ ഇവിടത്തെ സമുദായവൈഷമ്യം കുറെ മിക്കവാറും താനെ അസ്തമിയ്ക്കും. ഈവക സംഗതികൾക്കു ന്യായമായ ഒരു തീരുമാനമുണ്ടാക്കുവാൻ സാധിയ്ക്കാത്തതുകൊണ്ടു് തിരുവിതാംകൂറിൽ എത്തെല്ലാം കുഴപ്പങ്ങളുണ്ടായി! അവിടെ സമുദായങ്ങൾ തമ്മിൽ സ്പർദ്ധയായി; ഒടുവിൽ വലിയ വഴക്കായിതീർന്നു, എന്നാൽ അതിൻറെ ആവശ്യം നമുക്കുണ്ടോ? കൊച്ചീരാജ്യത്തിലെ സമുദായങ്ങൾ ഇതുവരെ ആ വഴിയ്ക്കു പോയിട്ടില്ല. ഇവിടെ പ്രാതിനിദ്ധ്യം കുറവുള്ള സമുദായങ്ങൾതന്നെ സമുദായപ്രാതിനിദ്ധ്യത്തിനു ശക്തിയായി അനുകൂലിക്കുന്നുണ്ടു്. യഥാർത്ഥത്തിൽ സമുദായങ്ങൾ തമ്മിൽ വൈരമുണ്ടാകുന്നതിനു ഉത്തരവാദി ഗവമ്മെൻറാണു്. അതുകൊണ്ടു് അതിനിടവരാത്തവിധത്തിൽ എന്തെങ്കിലും ഗവമ്മെൻറു ചെയ്യണം. അതു് എത്ര വേണമെന്നുള്ള കാര്യം പിന്നീടു തീർച്ചയാക്കാം. ആദ്യമേ ഇതിലേയ്ക്കു ഖണ്ഡിതമായ ഒരു ചട്ടമുണ്ടാക്കണം.

ഇപ്പോൾ നിയമനങ്ങൾ നടത്തുന്ന രീതി നോക്കുമ്പോൾ വളരെ ഭയങ്കരമായി തോന്നുന്നുണ്ടു്. അതു് നിയമിയ്ക്കുന്ന ആളുകളുടെ തരക്കേടല്ല. അവർക്കു പരിചയമുള്ള ആളുകളുടെ ശുപാർശക്കൊണ്ടു് ആളുകൾവരും. എത്രപേരോടാണു് പോകാൻ പറയുന്നതെന്നു വിചാരിച്ചു കഴിയുന്നിടത്തോളമെല്ലാം നിയമിയ്ക്കും.

ഗവമ്മെൻറിൽനിന്നും ഒരു സ്റ്റാഫു് സെലക്ഷൻ ബോർഡുവച്ചു് ഒരു ലിസ്റ്റു തയ്യാറാക്കി—അതനുസരിച്ചു നിയമനം നടത്തുക. അല്ലാതെ കമ്മ്യൂണൽ റപ്രസെൻറേഷൻ പ്രായോഗികമായി നടത്തുവാൻ ഗവമ്മെൻറിനു സാധിയ്ക്കുകയില്ല. ഇതിൽ ഗവമ്മെൻറു് അമാന്തം കാ

LIBRARY ARCHIVES Kerala Legislative Assembly

ണിയ്ക്കുകയാണെങ്കിൽ അത് ഈ രാജ്യത്തോടുതന്നെ ഒരു വലിയ അനീതി ചെയ്യുന്നതായിരിയ്ക്കും. ഉദ്യോഗസ്ഥന്മാർ ഈ നിയമനങ്ങളെല്ലാം ശരിയ്ക്കു നടത്തിയിരുന്നുവെങ്കിൽ ഇവിടെ സമുദായ പ്രാതിനിധ്യവാദം വരികയില്ലായിരുന്നു. എന്തുകൊണ്ട് ഉദ്യോഗസ്ഥന്മാർ അതിനെപ്പറ്റി ആലോചിയ്ക്കുന്നില്ലെന്നു ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. ഇപ്പോഴത്തെ നിലയിൽ, ഇനിയെങ്കിലും ഉദ്യോഗസ്ഥന്മാർ നിയമനങ്ങൾ ശരിയ്ക്കു നടത്തിക്കൊള്ളുമെന്നു വിചാരിച്ച് ഇതൊന്നും വേണ്ട എന്നുവയ്ക്കുവാൻ തരമില്ല. അതുകൊണ്ട് ഗവൺമെൻറും മറ്റു മെമ്പർമാരും ഈ രാജ്യത്തിൻെറ സ്വരുമയ്ക്കുവേണ്ടി ഇങ്ങിനെ ഒരു നിശ്ചിതനിയമം ഉണ്ടാക്കുന്നതിനോടുകൂടി അനുകൂലിയ്ക്കുണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിയ്ക്കുന്നു.

Mr. A. Narayana Menon.—Sir, the amendment that stands in my name runs thus:

"(i) After 'Public Service Commission' insert 'composed of an official, a non-official Member of this Council with the Diwan or any one he nominates as Chairman';

(ii) After 'officers' insert 'who start on a salary of Rs. 100 or less';

(iii) At the end of the resolution as it stands add 'due regard being had to (a) questions of efficiency, (b) the position that each community occupies educationally, (c) the number of educated unemployed that each community has, (d) the economic position of each community as ascertained from the places the number of persons of each community occupies in different walks of life, provided that security and prospects of officers already in service are as a rule in no way impaired."

I am in complete agreement with the mover in insisting that a Public Service Commission should be constituted—the sooner the better. My reasons are (1) that as it is we have no definite rules for entertaining officers in Government service, (2) that the appointment of a Commission will enable candidates to present their cases in person and save much of their time, (3) that in the near future with the completion of the fourth stage of the harbour works many new hands will have to be entertained. In answer to a supplementary question in the last Budget Session, the Hon'ble the Leader of the House said that instructions given to Heads of Departments in matters of appointments are partly written and partly oral. (Vide page 448 of the reports of the last budget session). I contend that such a state of affairs should not be allowed to continue. I know of instances in which

LIBRARY ARCHIVES Kerala Legislative Assembly

young men of some caste were refused jobs for reason of caste alone even though they were eligible in other respects. We want definite and specific rules so that such anomalies may not recur. The Body that I recommend will not cost us much and will have better sense of responsibility. We may thereby be taking away a bit of the patronage that our officers now enjoy; but it will give better satisfaction to the people. My amendment states some salutory principles which the Government will do well to remember. It is agreed on all hands that efficiency should be the guiding principle in making all appointments. At page 58 of the Administration Report of 1088 Mr. (now Sir) A. R. Banerji says thus:— "In regard to the distribution of patronage class against class, appears to be the principal topic of discussion. Fitness becomes immaterial and for all the loaves and fishes—and there are few in a small State like Cochin—every community or sect clamour at the same time.....His Highness' supreme sense of justice has however never swerved an inch in this as in other matters and it will be a bad day for Cochin State if appointments were to be made in mathematical precision according to population or according to communities represented in the public service and not according strictly to the principles of fitness and efficiency." I am glad to note that in resolution No. 12 the Hon'ble Member for South Ezhuvas gives due importance to questions of efficiency.

Capacity to discharge official functions ably and well is not the monopoly of any particular community and people have passed the stage of entertaining any such superstition. We have to see whether efficiency and communal representation cannot go hand in hand and if so to what extent. And here I come to the all important question of education. We draw officers from the band of educated people and logically their number should be the main criterion for deciding how many officers should come from each community. Adoption of any principles based on the total population of different communities will adversely affect the incentive for education in generations yet to come and it will be a calamitous and retrograde step which no patriot or statesman should tolerate. Again we will be paving the way for the increase of educated unemployed in communities which have been devoting very great attention to matters of education from ancient times.

From the Census Report of 1931 page 198 we find that amongst English educated people of both sexes Brahmins get 16.7%, Nairs 29.8%, Christians 33.0% and Ezhuvas 7%. When we take ladies alone Nairs have 35.4%, Christians 4%, Ezhuvas

LIBRARY ARCHIVES Kerala Legislative Assembly

5.4% and Brahmins nil. If we take the number of people seven years of age and above in each of these communities we find that 26% of the Brahmins, 9.6% of the Nairs, 4.8% of the Christians and 1% of the Ezhuvas have English education. I am not for resting the decision of the quota for each community on this and this alone. We should ascertain the economic position of each community from various standpoints. It is unfortunate that the Census Report give sus no sufficient data to ascertain the income that each community makes from various walks of life. But this defect can be cured by the Government making a thorough examination of the statistics in their own possession. From the Census Report we find that amongst *earners* Brahmins have 42%, Nairs 47%, Ambalavasis 47%, Christians 48% and Ezhuvas 51% of the population of each of their communities. Amongst people in learned professions Brahmins have 898, Nairs 2682, Christians 3417, and Ezhuvas 914. Among agriculturists Brahmins have 62, Nairs have 5081, Christians 30309 and Ezhuvas 3596. As in agriculture, in commerce and trade also Christians lead. Here they have 15261, Ezhuvas have 6320, Nairs 3739 and Brahmins 114. Amongst field labourers and wood cutters Brahmins have 2, Nairs 5868, Christians 17778, and Ezhuvas 21326. Amongst people engaged in industries Christians have 28554, Ezhuvas 20130, Nairs 1731 and Brahmins 95. These figures show that Brahmins and Nairs have practically left some lucrative professions mainly to the monopoly of the Christians. An extract of the Census Report of 1901 contained at page 146 of the report of 1931 runs thus.—"Contrasted with the Nairs are the native Christians who, with their eminent practical genius, skill and ability lead the van in the industrial occupation and compete with the Tamil Brahmins in quasi commercial callings. Not being bound to any traditional callings they are found in all walks of life. Owing to the distinctions of caste the different groups of Nairs still remain as incohesive elements while in spite of differences of sect there is amongst Christians much co-operation and union." In the last Census Report at page 149 the above view is seen endorsed and it adds thus. "Indigenous banking which was once the monopoly of the Tamil Brahmins has now passed mostly into the hands of the Christians. The progress of higher education in the community has enabled them to compete successfully with others in public administration and professions and liberal arts. The catholicity of Indian Christians in the choice of occupations which has been rightly emphasised in previous Census Reports is once more revealed by the occupation statistics of 1931." No wonder that we find very few *Educated unemployed* among

LIBRARY ARCHIVES Kerala Legislative Assembly

Christians. In the list of educated unemployed Nairs have the first place. They are 53. 2, Brahmins 25·5 and others are 20.9.

With these figures let us go to the income that each of the prominent communities except the Ezhuvas gets as ascertainable from the latest Civil List from State revenues by way of emoluments. I have not been able to take the figures of Ezhuvas for the reason that for want of surnames we are not able to distinguish Ezhuvas from Arayas or Chaliyas. Of officers whose names are given in the Civil List 353 are Tamil Brahmins, 373 are Nairs, 173 are Christians, 71 are Ambalavasis, 0 are other Caste Hindus and 87 are the rest. To the number of Christians especially, a large addition will have to be made of teachers in aided Schools and Colleges whose main income comes from the State Treasury. My questions on this and kindred subjects have yet to be answered by the Government and I regret that I cannot throw better light on the subject. As salary the Tamil Brahmins get Rs. 4,06,098 a year or Rs. 18—11—6 per head of the Brahmin population in the State. The corresponding figures of Nairs are 4,19,256 or Rs. 2—15—0 per head. Ambalavasis get Rs. 77,340 or Rs. 8—6—4 per head. Christians get as per Civil List Rs. 2,46,168. To this we can add safely at least 5 lakhs from the aid given to colleges and schools of which 80 to 85% are Christian institutions, manned mainly by Christians. This puts them on an equal footing with the Nair.

All the above figures when checked and scrutinised lead to the irresistible conclusion that economically the Nairs and the Ezhuvas, the Arayas, the Chalyas and Muslims occupy the lowest rung of the ladder. The inclusion of Nairs among the Hindus for purposes of public service has affected them prejudicially to a large extent. It may be convenient for the Government to do so, but it cuts our throat quick.

The last part of my amendment does not require elaboration and I leave it there. I want to say one word on the unequal distribution of officers when we take the different taluks into consideration. The Census Report says that in point of literacy the Cochin Kanayannur and Trichur Taluqs stand first. But if you care to analyse the present Civil List you will find Cochin Kanayannur, Thalappally and Chittur getting very poor representation. This is probably because all the big offices are at Trichur. Since there is no previous announcement of vacancies that are likely to occur people in the above Taluqs do not come to know of them in time. If the Public Service Commission

LIBRARY ARCHIVES Kerala Legislative Assembly

announce beforehand the hands required for a year and select them all at one or two sittings before the commencement of the year this difficulty and consequential heart-burning can be avoided.

Negligence of the principles of selecting men with stakes in the land for responsible posts cost us hard in the past. It is proper that steps are taken that at least in future such things should not occur. It will be a mistake to regard public service as a separate water-tight department. All the same you will be in the right if you for some time to come give some slight preferential treatment to backward communities. But please see that all the plums are not carried away by the loud and vociferous.

I would not have taken part in the discussion of this subject had not a section of the Press in Cochin carried on a compaign against the Nairs and stated in season and out of it that we have the monopoly of the public service. If you look back to events that have transpired in the past dozen years you will find how much ground the Nair has lost. One thing we cannot allow to go unnoticed. Till 1105 Dhanu we had a long and continuous array of able Nair Judges in the Chief Court. After that there is no representation of the Nayar in that Court, even though questions of Malabar Law are adjudicated upon almost every day there. If we can lead the Bar there is no knowing why a competent Judge could not be found from amongst us.

With these few words I commend the amendment to the acceptance of the House.

Mr. M. A. Sankunni.—I second the amendment.

Deputy President.—The first amendment was accepted by the mover. The amended resolution stands thus:— "*This Council recommends to the Government that a Public Service Commission or a Staff Selection Board with definite rules of communal rotation be constituted in the State for the recruitment in the Public Services in order to give adequate representation to all the communities in the State*".

With regard to the second amendment I would suggest that certain variations in the words will now be necessary. I would suggest this. After 'Public Service Commission or a Staff selection Board with definite rules of communal rotation' add 'composed of an official, a non-official member of this Council with the Diwan or any one he nominates as Chairman'. With regard

LIBRARY ARCHIVES Kerala Legislative Assembly

to the second portion of the amendment I would suggest that after the words 'Public Services' the words 'in respect of officers who start on a salary of Rs. 100/- or less' may be inserted. The rest will stand as it is. I think the Hon'ble Member will agree.

Mr. A. Narayana Menon.—I agree.

(At this stage the Hon'ble the President occupied the Chair)

മിസ്റ്റർ വി. കെ. കുട്ടി.— മിസ്റ്റർ പ്രസിഡൻറ്, സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. കൊച്ചീരാജ്യത്തു സമുദായപ്രാതിനിധ്യം അംഗീകരിച്ചു പ്രവൃത്തിച്ചുകൊള്ളാമെന്നു ഗവമ്മെണ്ടു് കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽ ഏതാണ്ടു സമ്മതിയ്ക്കുയുണ്ടായി. (ഷെയർ, ഹീയർ) എന്നാൽ അതേതുപത്തിൽ—ഗവമ്മെണ്ടുദ്ദേശിച്ചപ്രകാരമെന്നു—ഒരു ഉപക്ഷേപവും ഈ കൌൺസിലിൽ പാസാക്കീട്ടുണ്ടു്. അതിനുശേഷം ദിവാൻജിയവർകളുടെ അടുക്കലും, ചില ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരുടെ അടുക്കലും അന്വേഷിച്ചതിൽ സമുദായപ്രാതിനിധ്യതത്വത്തെ അടിസ്ഥാനപ്പെടുത്തി ഗവമ്മെണ്ടു പ്രവൃത്തിയ്ക്കുന്നതാണെന്നു സമ്മതിച്ചതായി ഞങ്ങൾ മനസ്സിലാക്കിയിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഇതുവരെയും അതു പ്രവൃത്തിരൂപത്തിൽ വരുത്തുവാനുള്ള മനസ്ഥിതി ഗവമ്മെണ്ടിനുണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണു് ഈ പ്രമേയം ഇപ്പോൾ ഇവിടെ കൊണ്ടുവരുവാൻ ഇടവന്നിട്ടുള്ളതു്. മുമ്പു് ഒരു മാന്യൻ പറഞ്ഞതുപോലെ സർക്കാരുദ്യോഗസ്ഥന്മാർ സ്വതേതന്നെ വിചാരിച്ചിരുന്നുവെങ്കിൽ ഇങ്ങിനെ ഒരു പ്രമേയത്തിൻെറ ആവശ്യം ഇവിടെ നേരിടുകയില്ലായിരുന്നു. ഓരോരുത്തരും കിട്ടുന്ന അധികാരങ്ങൾ ദുരുപയോഗപ്പെടുത്തുവാൻ പരിശ്രമിയ്ക്കുമ്പോൾ അതിൽനിന്നും രക്ഷപ്പെടുവാൻ മറുള്ളവർ പരിശ്രമിയ്ക്കുന്നു സാധാരണമാണു്. ആ പരിശ്രമങ്ങളിൽ ഒന്നായിട്ടാണു് ഈ പ്രമേയത്തെയും ഗവമ്മെണ്ടു കണക്കാക്കേണ്ടതു്. ഒരുപക്ഷെ ഞങ്ങൾ മുഖേന ഈ പ്രമേയം പാസ്സാക്കിയാൽതന്നെ അതിനെ സംബന്ധിച്ചു വേണ്ടതു പ്രവൃത്തിയ്ക്കുണ്ടു മുതൽ ഗവമ്മെണ്ടിനാണുള്ളതു്. അപ്രകാരം ഗവമ്മെണ്ടു പ്രവൃത്തിയ്ക്കുന്നില്ലെങ്കിൽ കൌൺസിൽ കൂടുമ്പോഴെല്ലാം ഞങ്ങൾ ഇങ്ങിനെയുള്ള പ്രമേയങ്ങൾ പാസ്സാക്കിക്കൊണ്ടിരിയ്ക്കുന്നതാണെന്നു ഗവമ്മെണ്ടിനു മുന്നറിവു തരുവാനാണു് ഇപ്പോൾ ഞാൻ വിചാരിയ്ക്കുന്നതു്. സർക്കാർ ഉദ്യോഗങ്ങൾ ഉപദ്രവംകൂടാതെ കിട്ടിയ്ക്കുമെന്നുള്ള കരുതി ഓരോ ഡിപ്പാർട്ടുമെണ്ടു മേധാവികളേയും സമീപിച്ചു് അതിനുവേണ്ടി പരിശ്രമിയ്ക്കുമ്പോൾ അതിൽനിന്നുണ്ടാകുന്ന അനുഭവങ്ങളാണു് ഞങ്ങളെ ഇത്രത്തോളം ക്ഷോഭിപ്പിക്കുവാൻ നിർബ്ബന്ധിതരാക്കിതീർത്തിരിക്കുന്നതു്. ചെറിയ ചെറിയ ഉദ്യോഗങ്ങൾക്കു ചെല്ലുമ്പോഴുണ്ടാകുന്ന അനുഭവം ഇതാണെങ്കിൽ മേല്പോട്ടുള്ളതിനു ചെല്ലുമ്പോഴുണ്ടാകുന്ന അ

LIBRARY ARCHIVES Kerala Legislative Assembly

നുഭവം എത്ര ഭയങ്കരമായിരിക്കുമെന്നുഹിക്കാവുന്നതാണല്ലൊ. അതു കൊണ്ടത്രെ ഈ വിഷയത്തിൽ ശരിയായും ശാശ്വതമായും ഉള്ള പരിഹാരം ഉടനടി നടപ്പിൽ വരുത്താൻ ഞങ്ങൾ നിരന്തരം ബഹളം കൂട്ടുന്നതു്.

മുസ്ലീമിങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ചില വകുപ്പുകളിൽ അവരുടെ സംഖ്യ കൊല്ലം ചെല്ലുന്തോറും കുറഞ്ഞുവരുന്നതായിട്ടാണു കാണുന്നതു്. ഡിപ്പാർട്ടുമെണ്ടുകളിൽ കൂടുതലായി ഉദ്യോഗങ്ങൾ തരുന്നില്ലെന്നുള്ള മുറവിളി വർദ്ധിച്ചപ്പോൾ ഉള്ളതുതന്നെ എടുത്തുകളയുന്നു എന്നാ ദാരുണമായ അനുഭവമാണവക്കുള്ളതു്. ഇങ്ങിനെയെല്ലാം നോക്കുമ്പോൾ ക്ഷിപ്രമായ ഒരു നയം ഈ വിഷയത്തിൽ ഗവൺമെണ്ടു സ്വീകരിച്ചു പ്രവൃത്തിയ്ക്കുണമെന്നു പറയുന്ന അഭിപ്രായം ഏറ്റവും ആദരണീയമായിട്ടുള്ളതാണു്. ഗവൺമെണ്ടുദ്യോഗസ്ഥന്മാരിൽനിന്നും ഉദ്യോഗ നിയമനങ്ങളിൽ പല ഉപദ്രവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടു അതിലേയ്ക്കു ക്ഷിപ്രമായും, എല്ലാവക്കും ന്യായമായും ഉള്ള വിധത്തിൽ ഒരു നിയമമുണ്ടാക്കി നടപ്പിൽ വരുത്തണമെന്നാണു് ഞങ്ങൾ പറയുന്നതു്. ഒരു പബ്ലിക്കു സർവ്വീസു കമ്മീഷനെ നിയമിച്ചു ആ വകുപ്പിനുവേണ്ടി കുറെ പുത്തൻ ചിലവു ചെയ്യിയ്ക്കുണമെന്നു ഞങ്ങൾക്കു നിർബ്ബന്ധമില്ല. നിയമനാധികാരികളുടെ സ്വജനപക്ഷപാതംമൂലം അവശതയനുഭവിക്കുന്ന പിന്നോക്കം നില്ക്കുന്ന സമുദായങ്ങളോടു നീതിയായി പെരുമാറണമെന്നും അവരുടെ ഉദ്യോഗവിഷയകമായുള്ള അവകാശങ്ങളെ ശരിയായി അനുവദിക്കുകയും പരിരക്ഷിക്കുകയും ചെയ്യുണമെന്നുമുള്ളതു മാത്രമാണു് ഞങ്ങളുടെ ആവശ്യം. അതിനു ഒരു സർവ്വീസു കമ്മീഷൻ നിയമിച്ചേ കഴിയൂ എന്നു നിർബന്ധമില്ല. സർവ്വീസിലേക്കു ആളെ എടുക്കുന്നതിൽ ഞങ്ങളുടെ അവകാശങ്ങളെ അനുവദിച്ചുകൊണ്ടു നിയമനകാര്യത്തിൽ വേണ്ട വ്യവസ്ഥകളോടുകൂടിയ നിയമങ്ങൾ (Rules) ഉണ്ടാക്കിയാലും ഞങ്ങൾ തൃപ്തിപ്പെടും. ഈ വിധമെങ്കിലും ഞങ്ങളുടെ സങ്കടം പരിഹരിച്ചുതരണം എന്നാകുന്നു ഞങ്ങൾ അപേക്ഷിക്കുന്നതു്. അങ്ങിനെ ചെയ്താൽ, രാജ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ബുദ്ധിയും ചെലുത്തി ഗവൺമെണ്ടിനെ സഹായിക്കുവാനും നേർവഴിക്കു നടത്തുവാനും ഞങ്ങൾക്കു സമയം കിട്ടുന്നതാണു്. (ഹിയർ, ഹിയർ!) ഞങ്ങളെ പൊതുജനങ്ങൾ ഏല്പിച്ചയച്ചിരിയ്ക്കുന്നതുമുതല, രാജ്യത്തിന്റെ പൊതുവായ കാര്യങ്ങളിലും ആവശ്യങ്ങളിലും ശ്രദ്ധിച്ചു വേണ്ടതു യഥാവസരം ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുവാൻ ഞങ്ങൾക്കു ഇപ്പോൾ സമയം ലഭിക്കാതെ വരുന്നുണ്ടെങ്കിൽ അതിനു കാരണം ഉദ്യോഗനിയമന വിഷയങ്ങളിൽ നിയമനാധികാരികൾ മിക്കവാറും നഗ്നമായി പ്രദർശിപ്പിക്കുന്ന സ്വജനപക്ഷപാതത്തോടു എതിർക്കുവാൻ ഞങ്ങളുടെ കഴിവും സമയവും ചിലവാക്കേണ്ടിവരുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുമാത്രമാണ്. അതുകൊണ്ട് ഈ ഒരു മാരണം—ഞങ്ങൾക്ക് ഇത് ഒരു മാരണമായിട്ടുതന്നെയാണു തോന്നുന്നതു്—ഉദ്യോഗാർത്ഥന്മാരുടെ അടുക്കൽ ചെന്ന് അവരുടെ കാലുപിടിയ്ക്കുണം; കയ്യു പിടിയ്ക്കുണം എന്ന തരത്തിലുള്ള ഈ ഒരു മാരണം കഴിയുന്നതും വേഗത്തിൽ പരിഹരിച്ചു രാജ്യഭരണ വിഷയത്തിൽ വിധിയാംവണ്ണം പങ്കെടുക്കുവാൻ ഞങ്ങൾക്കും അവസരമുണ്ടാക്കിത്തരണമെന്നാണു ഞങ്ങളപേക്ഷിയ്ക്കുന്നതു്. ആ വിഷയത്തിൽ ഞങ്ങൾക്കു നല്ല പാടവമുണ്ടു്. ഞങ്ങൾ രാജ്യം മുഴുവനും ഓടിനടക്കുന്നവരാണു്. അതുകൊണ്ടു് നിങ്ങൾക്കു വേണ്ടുന്ന ഉപദേശങ്ങളും തരുവാൻ ഞങ്ങൾക്കു കഴിയും. അപ്രകാരം നിങ്ങൾക്ക് ഏറ്റവും ഉപയോഗപ്രദമായ നിലയിലുള്ള ഉപദേശങ്ങളും തരുവാനുള്ള സൌകര്യം ഞങ്ങൾക്കു ചെയ്തുതരണമെന്നും, ഈ പ്രതിവാദത്തോടുകൂടിത്തന്നെ ഈ പബ്ളിക്ക് സർവ്വീസു കമ്മിഷന്റെ വാദപ്രതിവാദം അവസാനിപ്പിച്ചു തരണമെന്നുമുള്ള അപേക്ഷയോടുകൂടിയും മി. അയ്യപ്പന്റെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും ഞാനെന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്സിസ്സ് മീനാക്ഷി എൻ. മേനോൻ— ഈ പ്രമേയത്തെ സംബന്ധിച്ചു സ്വല്പം സംസാരിയ്ക്കുണമെന്നു ഞാനും വിചാരിയ്ക്കുന്നു. നമ്മുടെ നാട്ടിൽ ഒരു പബ്ളിക്ക് സർവ്വീസു കമ്മീഷൻ വേണമെന്നോ അതു് ഇന്നായിന്നമാതിരിയായിരിയ്ക്കുണമെന്നോ ഉള്ള കാര്യത്തെ സംബന്ധിച്ചു സംസാരിയ്ക്കുവാനല്ല ഞാനുദ്ദേശിയ്ക്കുന്നതു്. ഈ നാട്ടിൽ ഒരു സർവ്വീസു കമ്മീഷൻ അനവധി സമുദായങ്ങളെ ഉദ്ദേശിച്ചു നിയമിക്കുമ്പോൾ അതിനിടയിൽ ഞങ്ങളെക്കൂടി, അതായതു് സ്ത്രീ സമുദായത്തെക്കൂടി ഉൾപ്പെടുത്തി അവർക്കും പ്രാതിനിദ്ധ്യം നൽകണമെന്നാണു് ഇന്നിയ്ക്കുന്ന ഗവർമ്മെണ്ടിനോടപേക്ഷിയ്ക്കുവാനുള്ളതു്. (ചിരി) ജനസംഖ്യാനാക്കുകയാണെങ്കിൽ ഞങ്ങളാണു് എല്ലാ സമുദായക്കാരേക്കാളും മുന്നിലുള്ളതു്. വിദ്യാഭ്യാസംകൊണ്ടു നോക്കുകയാണെങ്കിൽ എല്ലാ നാട്ടുരാജ്യങ്ങളിലുംവച്ചു നമ്മുടെ രാജ്യമാണു് മുന്നണിയിൽ നില്ക്കുന്നതു്. ഇപ്പോൾ ഞങ്ങൾക്ക് അധികമായി ജോലി തന്നിരിയ്ക്കുന്നതു് വിദ്യാഭ്യാസവകുപ്പിലാണെന്നിരുന്നാലും ആ ഒരു വകുപ്പിൽത്തന്നെ ഞങ്ങൾക്കു വേണ്ടിടത്തോളം പ്രാതിനിദ്ധ്യം കിട്ടീട്ടില്ല. ഇപ്പോഴും പെൺകുട്ടികൾക്കുള്ള സ്കൂളുകളിൽ ചുരുക്കം ചില അദ്ധ്യാപകന്മാരുണ്ടു്. ഗവർമ്മെണ്ടിന്റെ നയം കാലക്രമേണ പെൺകുട്ടികൾക്കുള്ള സ്കൂളുകളിലെ പുരുഷന്മാരായ അദ്ധ്യാപകന്മാരെ മറ്റു സ്കൂളുകളിലേയ്ക്കയച്ചു ആ സ്ഥാനങ്ങളിൽ അദ്ധ്യാപികമാരെ നിയമിയ്ക്കുക എന്നുള്ളതാണു്. ഇന്നു ഏതുവിഷയത്തിലും ഉന്നതനിലയിൽ പഠിച്ചു ബിരുദ സമ്പാദിച്ചിട്ടുള്ള സ്ത്രീകൾ ധാരാളമുണ്ടു്. അതുകൊണ്ടു് ഗവർമ്മെണ്ടിന്റെ അഭിപ്രായമനുസരിച്ചു കാലതാമസംകൂടാതെ പുരുഷന്മാർ ഇപ്പോഴുള്ളവരെ മറ്റു സ്കൂളുകളിലേയ്ക്കു മാറ്റി എല്ലാ ക്ളാസിലും സ്ത്രീകളെത്തന്നെ നി

LIBRARY ARCHIVES Kerala Legislative Assembly

യമിയ്ക്കുവാൻ ഗവമ്മെണ്ടിനോടപേക്ഷിച്ചുകൊള്ളുന്നു. ഇതിനുമുമ്പു തന്നെ പല പ്രാവശ്യവും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമുള്ള പ്രൈമറി സ്കൂളുകളിൽ സ്ത്രീകളെ അദ്ധ്യാപികമാരായി നിയമിയ്ക്കണമെന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ സംഗതി സബ്ബ്ക്കമ്മിറ്റിയും സ്വീകരിച്ചു് അവരുടെ റിപ്പോർട്ടിൽ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു് ഇതു നടപ്പിൽ വരുത്തുവാൻ ഒട്ടും താമസിയ്ക്കരുതെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിയ്ക്കുന്നു.

സ്ത്രീകളെ എല്ലാ വകുപ്പിലും എടുക്കണമെന്നു് എനിയ്ക്കഭിപ്രായമില്ല. പോലീസു, മിലിട്ടറി മുതലായ സ്ഥാനങ്ങളിൽ സ്ത്രീകൾക്കു ഉദ്യോഗം കൊടുക്കണമെന്നു ഞങ്ങൾക്കഭിപ്രായമില്ല. ഇപ്പോൾ പല സമുദായങ്ങളുടെ ഇടയിൽനിന്നും ആ വകുപ്പിലുൾക്കൂടി സ്ത്രീകൾക്കു ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞുതുടങ്ങീട്ടുണ്ട്. പക്ഷെ എന്നെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കു് ആ വകുപ്പുകളിൽ ജോലി കൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടന്നില്ല. അതല്ലാതെ വേറെയുള്ള ഡിപ്പാർട്ടുമെൻറുകളിൽ പ്രത്യേകിച്ചും ക്ലറിക്കൽസ്റ്റാഫിൽ ഗ്രമസ്തന്മാരുടേയും, ടൈപ്പിസ്റ്റുമാരുടേയും ജോലികളിൽ സ്ത്രീകൾക്കു ശരിയായ പ്രാതിനിദ്ധ്യംകൊടുക്കേണ്ടതാണെന്നു ഞാൻ ഗവമ്മെണ്ടിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ഇതിയിടെയായി പലേ അവസരങ്ങളിലും എന്റെ അടുത്തു് ശരിയായ പാസോടുകൂടിയ സ്ത്രീകൾവന്നു് കോടതികളിലും കച്ചേരികളിലും ക്ലർക്കന്മാരുടേയും ടൈപ്പിസ്റ്റുമാരുടേയും മറ്റും ജോലികൾ ഒഴിവുണ്ടെന്നും, അവ അവർക്കു കിട്ടുന്നതിനുവേണ്ടി ഞാൻ പരിശ്രമിയ്ക്കണമെന്നും പറഞ്ഞിട്ടുണ്ട്. കോടതികളുടേയും, കച്ചേരികളുടേയും ഓരോ മുക്കിലും മൂലയിലും ഓരോ സ്ത്രീകൾ ഉണ്ടായിരിയ്ക്കുമെങ്കിലും ശരിയായ പ്രാതിനിദ്ധ്യം ഇതുവരെ ഞങ്ങൾക്കു കിട്ടീട്ടില്ല. പുതുതായ നിയമനങ്ങൾ ഉണ്ടാകുമ്പോൾ ആ ജോലിയ്ക്കു പ്രാപ്തിയുള്ള ശരിയായ പാസോടുകൂടിയ സ്ത്രീകളുടെ അപേക്ഷകൾ വരുമ്പോൾ അവർക്കു ജോലി കൊടുക്കേണ്ടതാണു്. ഇപ്പോൾ സ്ത്രീകൾക്കു് എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കഴിയുന്നിടത്തോളം ജോലി കൊടുക്കുന്നില്ലെന്നു ചോദിക്കുമായിരിയ്ക്കാം. എന്നാൽ ഗവമ്മെണ്ടിന്റെ ആ നയം ചില ഡിപ്പാർട്ടുമെണ്ടുകളിൽ മാത്രമേയുള്ളൂ. ഹുസൂർ മുതലായ വകുപ്പുകളിൽ ഇപ്പോൾ സ്ത്രീകളെ നിയമിച്ചിട്ടില്ല. സ്ത്രീകൾക്കു ജോലി കൊടുക്കുമെന്നുള്ള നയം ഇപ്പോൾ ഗവമ്മെണ്ടു് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങിനെയിരിയ്ക്കുമ്പോൾ പബ്ലിക്കു സർവ്വീസുകമ്മീഷൻ വരുന്ന സമയത്തു് ബാക്കിയുള്ള സമുദായങ്ങളോടൊപ്പം ഞങ്ങളേയും ഒരു സമുദായമായി കരുതി വിദ്യാഭ്യാസയോഗ്യതയനുസരിച്ചുള്ള ജോലികൾ സ്ത്രീകൾക്കും കൊടുക്കേണ്ടതാണെന്നു ഞാൻ ഗവമ്മെണ്ടിനോടപേക്ഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളുന്നു. പക്ഷെ അതിൽ ഒരു കാര്യംകൂടിയുണ്ട്. അധിക വിദ്യാഭ്യാസയോഗ്യതയില്ലാത്ത സമുദായങ്ങളിൽനിന്നും പരീക്ഷായോഗ്യതയുള്ള സ്ത്രീകൾ വരുമ്പോൾ പ്രത്യേകിച്ചും അവർക്ക് ജോലി കൊടുക്കേണ്ടതാണ്. അതുകൊണ്ട് ഈ ഒരു സംഗതിയിൽ സ്ത്രീസമുദായത്തെ ഒന്നായിട്ട് കരുതി ഞങ്ങൾക്ക് പ്രാതിനിധ്യം തരണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു

Mr. Shabdai S. Koder.—I rise to support this Resolution as amended as I feel there is very little hope for members of unrepresented communities to get adequate representation in the State service without a Public Services Commission or Staff Selection Board with definite rules. As was seen from the question and answers this morning, though a graduate from the Jewish community of Cochin was an applicant for a post in the Huzur, his application was turned down for no reason or for reasons, as explained by the Hon'ble Secretary to Government, known only to the Ex-Diwan. It is indeed regrettable, Sir, that his application was turned down, as he was the first graduate from my community to apply for a post. Almost all the other members of unrepresented and over-represented communities were appointed in 1110 in the Huzur leaving alone the unfortunate Jew. I have no hesitation to say, Sir, that this is one of the many glaring instances where the claims of members of unrepresented communities were deliberately overlooked. To put a stop to such sort of affair, we request the Government to constitute a Public Service Commission or a Staff Selection Board with definite rules for appointing members from among the different communities in the State. If the Government still feel that they cannot constitute a Public Service Commission or a Staff Selection Board with definite rules for appointing members from among the different communities in the State. If the Government still feel that they cannot constitute a Public Service Commission or a Staff Selection Board with definite rules for reasons known only to themselves, I earnestly appeal to you, Sir, as the Diwan of Cochin, to issue rigid rules to be strictly followed by the Heads of Departments in matters of appointment and box the ears of those who fail to strictly carry out these rules.

* **Mr. K. Ashtamoorthi Nambudiripad.**—Sir, I rise to support the principle contained in this resolution. In supporting this resolution I have to make one or two observations. The aim of constituting a Public Service Commission, so far as I am

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

able to understand, is to select best candidates, candidates with real merit, for appointment in public services. In order to give adequate representation to all the communities in the State the constitution of a Public Service Commission alone, in my opinion, will not be sufficient. Even after the constitution of such a Commission the Government, if they so desire, will be able to select candidates from one community alone. The real remedy for giving adequate representation for unrepresented and under-represented communities is by prescribing fixed rules based on communal rotation as we have got in the Madras Presidency. There, when any vacancy occurs or when any posts are going to be created candidates belonging to certain communities alone are allowed to apply or compete for the Public Service Commission Examination. Without having such definite rules for the selection of candidates from unrepresented communities the constitution of a Public Service Commission alone will not have the desired effect.

